എൽ. പി., യു. പി. സ്കൂളുകളിലെ കമ്പ്യൂട്ടർ പഠനം

102 (4384) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ എൽ.പി., യു. പി., തലത്തിൽ കമ്പ്യൂട്ടർ പഠനം വേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ :

(ബി) ഏത് വിദ്യാലയ വർഷം മുതൽ, ഏത് ക്ലാസ്സ് മുതലാണ് ഇത് വേണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ :

(സി) ഈ പഠനത്തിനാവശ്യമായ കമ്പ്യൂട്ടറുകൾ സ്കൂളുകളിൽ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ :

(ഡി) ഇതിനാവശ്യമായ തുക കണ്ടെത്തുന്നതിന് സ്കൂൾ അധികൃതർക്ക് കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ഇ) എം.എൽ.എ. ഫണ്ടിൽ നിന്നും കമ്പ്യൂട്ടർ വാങ്ങി നൽകുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 2002-03 വർഷത്തിൽ 8-ാം ക്ലാസ്സിൽ കമ്പ്യൂട്ടർ പഠനം തുടങ്ങി. 2003-04 വർഷത്തിൽ 8,9 ക്ലാസ്സുകളിൽ കമ്പ്യൂട്ടർ പഠനം നിർബന്ധമാക്കിയിട്ടുണ്ട്.

(സി) പി.റ്റി.എ.-യുടെ നേതൃത്വത്തിൽ സ്കൂൾ അധികൃതർക്കാണ് കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുന്നതിന്റെ ചുമതല. സ്വന്തം നിലയിലോ, കുടുംബശ്രീയുടെയോ, മറ്റ് എംപാനൽ ഏജൻസികളുടെയോ (ഗവ. അംഗീകരിച്ചത്) സഹകരണത്തോടെയാണ് ലാബുകൾ സ്ഥാപിക്കേണ്ടത്. പി.റ്റി.എ. ഫണ്ട്, കേന്ദ്രസഹായം, എം. എൽ. എ. ഫണ്ട്, ലോക്കൽ കളക്ഷൻസ് എന്നിവ ഉപയോഗിച്ച് കമ്പ്യൂട്ടർ സ്ഥാപിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 250 സർക്കാർ സ്കൂളുകൾക്ക് ഒരു ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. കൂടാതെ 62 സർക്കാർ ഹൈസ്കൂളുകളിൽ 5 കമ്പ്യൂട്ടർ വീതം വിതരണം നടത്തുന്നതിന് 121.06 ലക്ഷം രൂപയും ചെലവഴിച്ചു.

(ഡി) ഉണ്ട്.

(ഇ) നിലവിലുള്ള എം. എൽ. എ. ഫണ്ട് മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തി വരുന്ന സ്കൂളുകൾക്ക് ടി ഫണ്ടിൽ നിന്നും കമ്പ്യൂട്ടർ വാങ്ങാൻ ഫണ്ട് ലഭ്യമാക്കാൻ വ്യവസ്ഥയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly